# SSLC Exam March 2020 Malayalam Answer Key

Prepared by educationobserver.com

1. അസഹ്യമായ ദുഃഖഭാരം
2. ചവറിന്റെ കൂമ്പാരം
3. അതിഥികൾ ആരാണെന്ന് അറിയാതെ മനസ്സിലുള്ളതെല്ലാം വെളിപ്പെടുത്തുന്നു
4. കണ്ണ്,നീർ
5. കവിത കാലാതിവർത്തിയായി നിലനിൽക്കും
6. നഷ്ടമാകുന്ന മകൻറെ സ്നേഹം, അതിനെപ്പറ്റിയുള്ള ദുഃഖം, മകൻ നോക്കുന്നില്ലെന്ന് വേവലാതി
7. മനുഷ്യൻറെ ഇതുവരെയുള്ള എല്ലാ നേട്ടങ്ങളുടെയും കാരണം അവൻറെ സർഗ്ഗ ശക്തിയാണ്, അവൻറെ സർഗ്ഗ ശക്തിക്കു മുമ്പിൽ എല്ലാ പ്രതിബന്ധങ്ങളും മുട്ടുമടക്കുന്ന
8. സത്യസന്ധതയാണ് ആണ് ഏറ്റവും വലിയ സമ്പത്ത്, 'അതിനു മുമ്പിൽ പണം നൽകുന്ന ആനന്ദങ്ങൾക്ക് വലിയ വിലയില്ല, സത്യം പറയുമ്പോൾ ലഭിക്കുന്ന അംഗീകാരം വിലമതിക്കാനാവാത്തതാണ്.
9. സർവദമനന്റെ കുട്ടിത്തവും കുറുമ്പും, സിംഹവുമായി കൂട്ടുകൂടാൻ അവൻ കാണിച്ച ധൈര്യം, ഒരു രാജകുമാരൻ എന്ന നിലയിൽ ധീരതയുടെ ലക്ഷണങ്ങൾ, ആരെയും വകവെക്കാതെ ആരോടും തർക്കുത്തരം പറയുന്നു എന്നീ വസ്തുതകൾ ചേർത്ത് കുറിപ്പ് തയ്യാറാക്കുക
10. മിസ്സിസ് തലത്ത് ബോർഡിങ്ങിൽ കുട്ടികളെ പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ മക്കൾ അവരെ നോക്കാത്ത അവസ്ഥയാണ്, സ്നേഹം കൊടുത്താൽ മാത്രമേ തിരിച്ചു പ്രതീക്ഷിക്കേണ്ടതുള്ളു, എന്നീ പോയിൻറ്

കൾക്കൊപ്പം സമകാലിക സംഭവങ്ങൾ ചേർത്ത് അവതരിപ്പിക്കുക.

11. മനുഷ്യരെ സഹോദരരായി കാണുക, തെറ്റ് ചെയ്തവരോടും കുറ്റവാളികളോടും സ്നേഹത്തോടെ ഇടപെടുക. നിഷ്കളങ്കമായ സ്നേഹവും പരിഗണനയും അവരുടെ മാനസികനില മാറ്റിമറിക്കും, അവരിലെ മനുഷ്യനെ തിരിച്ചു കൊണ്ടുവരും, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ കുറ്റവാളിയായി പെരുന്ന ഒരുവനെ മനുഷ്യത്വവും മനശാസ്ത്രപരമായ ഇടപെടലുകൾ കൊണ്ട് തിരുത്താനായി സാധിക്കും`

12. ഏതു വലിയ പ്രതിസന്ധിയിലും തളരാതെ പിടിച്ചു നിന്നുകൊണ്ട് ജീവിതത്തിന്റെ വൈതരണികളെ ദസ്തയെവ്സ്കി വളരെ പ്രസാദാത്മകമായി നോക്കിക്കാണുന്നു, തന്നെ വെറുക്കുന്നവരെ പോലും സ്നേഹിക്കുന്നു

13. കഥയിലെ വികാരതീവ്രമായ പ്രയോഗങ്ങൾ ഉദാഹരിച്ചു കൊണ്ട് പ്രത്യേകിച്ച് മരണത്തെ അടയാളപ്പെടുത്തുന്ന രീതിയും കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങൾ അവരുടെ സംഭാഷണത്തിലൂടെയും ആത്മഗതങ്ങളിലൂടെയും അവതരിപ്പിക്കുന്നത് ഉദാഹരിച്ചു കൊണ്ട് വൈകാരിക മുഹൂർത്തങ്ങൾ നാടകീയത എന്നിവ അവതരിപ്പിക്കാൻ വാക്യപ്രയോഗങ്ങളിലൂടെ എങ്ങനെ സാധിക്കും എന്ന് സമർഥിക്കുക

14. യാത്ര, വേർപാട് എന്നീ അവസ്ഥകൾ വൈകാരികമായി അവതരിപ്പിക്കുന്ന കഥാസന്ദർഭങ്ങൾ ഉദ്ധരിക്കുക.. പ്രത്യേകിച്ച് അയ്യപ്പൻറെ കണ്ണൂരിലേക്കുള്ള യാത്ര, വീട്ടുകാരുടെയും നാട്ടുകാരുടെയും കൂട്ടക്കരച്ചിൽ, തീവണ്ടിയാത്രയിൽ അദ്ദേഹം അനുഭവിക്കുന്ന സംഘർഷങ്ങൾ, അവസാനം സ്വന്തം മകൻറെ മൃതദേഹം ഏറ്റുവാങ്ങേണ്ടി വരുന്ന വൈകാരിക മുഹൂർത്തം എന്നിവ. അതിലൂടെ കൂടെ കടൽത്തീരത്ത് എന്ന കഥ യാത്രയുടെയും വേർപാടിന്റെയും ഉറഞ്ഞുകൂടിയ ദുഃഖത്തിന്റെയും കഥയാണ് എന്ന് സമർഥിക്കുക

15. തന്നിരിക്കുന്ന കവിതാശകലങ്ങളിലെ തത്വചിന്താപരമായ ദർശനങ്ങൾ എഴുതുക ..ഒരാളുടെ പാപകർമ്മം മറ്റുള്ളവരെയും ബാധിക്കുന്നു. പാപം ആകുന്ന മാമരത്തിൻറെ വിത്ത് യഥാർത്ഥത്തിൽ കോപമാണ്, അവിദ്യ സംസാര കാരണമാകുമെങ്കിൽ വിദ്യ സംസാര നാശകമാണ് തുടങ്ങിയ ദർശനങ്ങളോടൊപ്പം ലക്ഷ്മണസാന്ത്വനം കവിതയിലെ

പ്രധാന ദർശനങ്ങൾ ആയ ക്രോധം മനുഷ്യനു സർവനാശം സമ്മാനിക്കുന്നു, അത് ഒന്നിനും പരിഹാരമല്ല, പ്രപഞ്ച ജീവിതം ക്ഷണികമാണ്, ചൂടാക്കിയ ലോഹത്തിൽ പതിച്ച വെള്ളത്തുള്ളിക്ക് സമാനമാണ് നമ്മുടെ ജീവിതം, ഒരാളുടെ പാപഫലം മറ്റുള്ളവരും അനുഭവിക്കേണ്ടിവരും എന്നിവ ചേർത്തു ഉപന്യസിക്കുക... അനുയോജ്യമായ ശീർഷകം നൽകുക

16. യുദ്ധത്തിൽ ആരും ജയിക്കുന്നില്ല, മറിച്ച് മനുഷ്യൻ തോൽക്കുക ആണ് ചെയ്യുന്നത്. അത് മാനവരാശിനേരിടുന്ന മഹാവിപത്താണ്. ലോകത്ത് ഇന്നുവരെ നടന്നിട്ടുള്ള എല്ലാ യുദ്ധങ്ങളും അതിന് കാരണക്കാരായവരെ സംബന്ധിച്ചിടത്തോളം ധർമ്മ യുദ്ധങ്ങൾ ആണ്. മനുഷ്യരുടെ കണ്ണുനീരും നിലവിളികളും അല്ലാതെ മറ്റൊന്നും ഒരു യുദ്ധവും ബാക്കി ആക്കുന്നില്ല. സമകാലികമായ യുദ്ധങ്ങളും അതിൻറെ നാശനഷ്ടങ്ങളും അനന്തരഫലങ്ങളും ചേർത്ത് ഉപന്യസിക്കുക

17. തന്നിരിക്കുന്ന കവിതയിലെ ആശയം സംഗ്രഹിക്കുക, സമകാലിക സാഹചര്യങ്ങളിലെ അരുതാത്ത പ്രവണതകളെ കൂടി ഉദാഹരിച്ചു കൊണ്ട് ദർശനങ്ങളെയും ആസ്വാദന അംശങ്ങളെയും അലങ്കാര കല്പനകളെയും സൂചിപ്പിച്ചുകൊണ്ട് ഉപന്യസിക്കുക. കവിയെ കുറിച്ചും അദ്ദേഹത്തിൻറെ മറ്റു കൃതികളെ കുറിച്ച് സൂചനകൾ നൽകി അനുയോജ്യമായ ശീർഷകം നൽകുക

Prepared by educationobserver.com